മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) & (ബി) ഉവ്വ്. ഇതിനെപ്പറ്റി വേണ്ടതായ പൂർണ്ണവിവരങ്ങൾ ശേഖരിച്ചു വരികയാണ്.

SANSKRIT COLLEGE—TRIPUNITTURA—TEACHERS' SALARY

323. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി വ്യക്തമാക്കുമോ.—

(എ) തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ഹൈസ്കൂളിലെ പണ്ഡിതന്മാരുടെ ശമ്പളത്തോതനുസരിച്ചു റിവൈസ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) ഈ കാര്യം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

മിസ്റ്റർ പി. നാരായണമേനോൻ: പണ്ഡിതന്മാരുടെ ശമ്പളം കൂട്ടിയതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പണ്ഡിതന്മാർക്ക് ശമ്പളം കൂട്ടിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സെക്കണ്ടറി സ്കൂളുകളിൽ പണ്ഡിതന്മാരായിട്ടുള്ളവരുടെ ശമ്പളം കൂട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

MAHARAJA'S COLLEGE—JUNIOR INTERMEDIATE CLASS—ADMISSIONS TO—DETAILS REGRDING

324. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

[illegible] മിഥുനം [illegible]-ാംനു-ക്ക ശേഷം മഹാരാജാസ് കോളേജിലെ ജൂനിയർ ഇൻറർമീഡിയറ് ക്ലാസ്സിൽ ചേർത്ത കുട്ടികളുടെ പേരു്, ജാതി, ഇംഗ്ലീഷിലും ഐച്ഛിക വിഷയങ്ങളിലും കിട്ടിയ മാർക്ക്, രക്ഷകർത്താവിന്റെ പേരു്, തൊഴിൽ, വിലാസം, അഡ്മിഷനുള്ള അപേക്ഷ അയച്ച തിയ്യതി, അഡ്മിറ്റ് ചെയ്ത തിയ്യതി എന്നിവ വ്യക്തമാക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിൽ [illegible] ജൂൺ [illegible]-ാംനു- അപേക്ഷ അയച്ചിട്ടുള്ള കുട്ടിക്ക് അഡ്മിഷ്യൻ കൊടുത്തതായി പറയുന്നുണ്ട്. അതിനുമുമ്പ് കിട്ടിയിട്ടുള്ള എല്ലാ അപേക്ഷകന്മാർക്കും അഡ്മിഷൻ കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I make a suggestion, Sir, As far as papers placed on the Council table are concerned, in the other Legislatures, Central as well as Provincial, such papers are printed as appendix while it is not done here. I suggest hereafter, from this Budget Session onwards, an arrangement like that, that is, those papers placed on the Council table in answer to questions may be printed as appendix to the days' procedings here also. That it is the practice in Central and Provincial Assemblies will be seen from their reports. I only place this suggestion before the Chair so that we may have the benefit of these papers for reference.

Mr. P. Govinda Menon *(Minister for Food and Education):* Sir, Government will be prepared to follow any direction given by this House.

Mr. President: They are printed in the Proceedings, I think. Is it not done usually?

Mr. P. Kumaran Ezhuthassan *(Vadakkamcheri):* Our proceecings Book, Sir, will not show that.

Mr. President: My impression was, it has been printed in the proceedings Book. The Hon'ble Member's suggestion will be looked into anyway.

LIBRARY ARCHIVES Kerala Legislative Assembly